# കേരള സർക്കാർ

**ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ. ആർ. 13) വകുപ്പ്**

## സർക്കുലർ

നമ്പർ 7115/എ. ആർ.13(2)/12/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2013 ഫെബ്രുവരി 22.*

*വിഷയം:*—പെൻഷനേഴ്സിന് ഫോട്ടോ ഐഡന്റിറ്റി കാർഡ് നൽകുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകളിലേക്ക് എത്തുമ്പോൾ ഐഡന്റിറ്റി തെളിയിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ ഓഫീസ് സമുച്ചയത്തിൽ പ്രവേശിക്കുന്നതിനോ ബന്ധപ്പെട്ട ഓഫീസർമാരെ കാണുന്നതിനോ പ്രയാസം നേരിടുന്നു. ആയതിനാൽ സർക്കാർ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

1. സർക്കാർ ജീവനക്കാർ പെൻഷൻ പറ്റുന്ന സന്ദർഭത്തിൽ പെൻഷൻ പേപ്പറുകളോടൊപ്പം ഐഡന്റിറ്റി കാർഡിനാവശ്യമായ രേഖകൾകൂടി നൽകേണ്ടതാണ്.

2. അതാത് വകുപ്പ് തലവൻമാർ/സെക്രട്ടറിമാർ തന്നെ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് നൽകുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

*ഐഡന്റിറ്റി കാർഡിന്റെ മാതൃക മറുപുറത്ത് കൊടുത്തിരിക്കുന്നു.*

ആർ. ശ്രീകലാദേവി,
*അഡീഷണൽ സെക്രട്ടറി.*

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
എല്ലാ വകുപ്പു മേധാവികൾക്കും/മുഴുവൻ സ്വയംഭരണ സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റി മേധാവികൾക്കും.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
(അച്ചടി, ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്).

GCPT. 3/1133/2013/DTP.

ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

No. LSGD/2785/2023-GEB1

തീയതി: 23-06-2023

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

സൂചന: 1. സർക്കാരിന്റെ 7115/എ.ആർ.13(2)/12/ഉ.ഭ.പ.വ.തീയതി .22/02/2013 ലെ സർക്കുലർ.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കീഴിലുള്ള ഓഫീസുകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ തിരിച്ചറിയൽ കാർഡ് അനുവദിക്കേണ്ടതാണ്.
2. തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാർ പെൻഷൻ പറ്റുന്ന സന്ദർഭത്തിൽ പെൻഷൻ പേപ്പറുകളോടൊപ്പം തിരിച്ചറിയൽ കാർഡിന് ആവശ്യമായ രേഖകൾ കൂടി ജില്ലാ ഓഫീസ് തലവന് നൽകേണ്ടതാണ്.
3. ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് പെൻഷനർക്ക് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ നിന്നു വിരമിക്കുന്ന ജീവനക്കാർക്ക് പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ നിന്നും തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതാണ്.
5. ജില്ലാ തലത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ നിന്നും തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതാണ്.
6. സൂചന സർക്കാർ സർക്കുലർ പ്രകാരം അംഗീകരിച്ച തിരിച്ചറിയൽ കാർഡിന്റെ മാതൃകയിൽ തിരിച്ചറിയൽ കാർഡ് തയ്യാറാക്കേണ്ടതാണ്.

**എം.ജി.രാജമാണിക്യം ഐ.എ.എസ്**
**പ്രിൻസിപ്പൽ ഡയറക്ടർ**

ഉത്തരവിൻ പ്രകാരം

M.G. RAJAMANICKAM IAS

PRINCIPAL DIRECTOR

gned by
g. rajamanickam Ias
ate: 23-06-2023 17:47:03